compose.kerala.gov.in
egazette.kerala.gov.in
printing.kerala.gov.in

Regn.No. KERBIL/2012/45073
dated 2012-09-05 with RNI
Reg No.KL/TV(N)/634/2021-2023

കേരള സർക്കാർ
GOVERNMENT OF KERALA

കേരള ഗസറ്റ്
KERALA GAZETTE

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

ചൊവ്വ, 2025 ഓഗസ്റ്റ് 19
Tuesday, 19th August 2025

1201 ചിങ്ങം 3
3rd Chingam 1201

1947 ശ്രാവണം 28
28th Sravana 1947

വാല്യം 14
Vol. XIV

നമ്പർ **33**
No.

Part I

Law Department

©
കേരള സർക്കാർ
GOVERNMENT OF KERALA
2025

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

നിയമ (എച്ച്) വകുപ്പ്

വിജ്ഞാപനം

(1)

നമ്പർ 95/എച്ച്3/2025/നിയമം. തിരുവനന്തപുരം, 2025 ജൂലൈ 26.

കേരള സർക്കാർ, 1952-ലെ നോട്ടറീസ് ആക്റ്റിന്റെ (1952-ലെ 53-ാം കേന്ദ്ര ആക്റ്റ്) 3-ം 5-ം വകുപ്പുകളും 1956-ലെ നോട്ടറീസ് ചട്ടങ്ങളിലെ, ചട്ടം 8 ബി-യും കൂട്ടിവായിച്ച പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ച്, ശ്രീ. ജെ. റോബിൻസൺ, അഡ്വക്കേറ്റ്, S/o ശ്രീ. വൈ. ജ്ഞാനപ്രകാശം, ടി. സി. 11/1378, ബ്രൈറ്റൺ, ബെയിൻസ് കോമ്പൗണ്ട്, നന്തൻകോട്, കവടിയാർ പി. ഒ., തിരുവനന്തപുരം-695 003 എന്നയാളെ തിരുവനന്തപുരം റവന്യൂ ജില്ലയിലെ തിരുവനന്തപുരം താലൂക്ക് ഉൾപ്പെടുന്ന പ്രദേശം അധികാരപരിധിയായി നിശ്ചയിച്ച് 2025 ജൂൺ മാസം 27-ാം തീയതി മുതൽ വീണ്ടും അഞ്ചു വർഷ കാലയളവിലേക്ക് നോട്ടറിയായി (രജിസ്റ്റർ നമ്പർ 16/2000/TVPM) ഇതിനാൽ പുനർ നിയമിച്ച് വിജ്ഞാപനം ചെയ്യുന്നു.

(2)

സ.ഉ.(അച്ചടി) നമ്പർ 12/2025/LAW. തിരുവനന്തപുരം, 2025 ജൂലൈ 30.

നിയമവകുപ്പിലെ ഡെപ്യൂട്ടി സെക്രട്ടറിയും 31-12-2020 തീയതിയിലെ സ. ഉ.(അച്ചടി) നമ്പർ 10/എച്ച്2/2020/നിയമം പ്രകാരം കോട്ടയം, ഇടുക്കി, എറണാകുളം, തൃശ്ശൂർ, പാലക്കാട് എന്നീ ജില്ലകളിലെ നോട്ടറിമാരുടെ രജിസ്റ്റർ പരിശോധനയ്ക്ക് നിയോഗിച്ചിരുന്നതുമായ ശ്രീ. ആർ. എച്ച്. ബൈജു 31-5-2025 തീയതിയിൽ സർവ്വീസിൽ നിന്നും വിരമിച്ചിട്ടുള്ളതും കോഴിക്കോട്, മലപ്പുറം, വയനാട്, കണ്ണൂർ, കാസറഗോഡ് എന്നീ ജില്ലകളിലെ നോട്ടറിമാരുടെ രജിസ്റ്റർ പരിശോധനയ്ക്ക് നിലവിൽ ഉദ്യോഗസ്ഥനെ നിയമിച്ചിട്ടില്ലാത്തതുമാണ്. ആയതിനാൽ കേരള സർക്കാർ 1956-ലെ നോട്ടറീസ് ചട്ടങ്ങളിലെ ചട്ടം 11 ഉപചട്ടം (5) പ്രകാരമുള്ള അധികാരങ്ങൾ വിനിയോഗിച്ച്, പ്രസ്തുത ചട്ടപ്രകാരമുള്ള ചുമതല നിർവ്വഹിക്കുന്നതിന് നിയമ വകുപ്പിലെ ഡെപ്യൂട്ടി സെക്രട്ടറിമാരായ ശ്രീ. പ്രാൺ, ഐ. ബി.-യെ കോട്ടയം, ഇടുക്കി, എറണാകുളം, തൃശ്ശൂർ, പാലക്കാട് എന്നീ ജില്ലകളിലെയും ശ്രീ. നൗഷാദ്, എസ്.-നെ കോഴിക്കോട്, മലപ്പുറം, വയനാട്, കണ്ണൂർ, കാസറഗോഡ് എന്നീ ജില്ലകളിലെയും നോട്ടറിമാരുടെ രജിസ്റ്റർ പരിശോധനയ്ക്ക് ഇതിനാൽ നിയമിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

കെ. ജി. സനൽ കുമാർ,
നിയമ സെക്രട്ടറി.

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2025

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by VEERAN T
Date:2025.08.19 03:08:15 +05:30